2. ദി കേരള ഹെൽത്ത് കെയർ സർവ്വീസ് പേഴ്സൺസ് ആന്റ് ഹെൽത്ത് കെയർ സർവ്വീസ് ഇൻസ്റ്റിറ്റ്യൂഷൻസ് (പ്രിവൻഷൻ ഓഫ് വയലൻസ് ആന്റ് ഡാമേജ് റ്റു പ്രോപ്പർട്ടി) ഓർഡിനൻസ്, 2010 (ഓർഡിനൻസ് നമ്പർ 51 ഓഫ് 2010)

X. സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്ത് വയ്ക്കുന്നു.

ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2010 (ഓർഡിനൻസ് നമ്പർ 49 ഓഫ് 2010)

XI. ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്ത് വയ്ക്കുന്നു.

2010-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ഓർഡിനൻസ് (2010-ലെ 53-ാം നമ്പർ ഓർഡിനൻസ്)

XII. നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

1. ദി കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2010 (ഓർഡിനൻസ് നമ്പർ 47 ഓഫ് 2010)

2. ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫംഗ്ഷൻസ് ആസ് റെസ്പെക്ട്സ് സ്പോർട്ട്സ് കൗൺസിൽസ്) ഓർഡിനൻസ്, 2010 (ഓർഡിനൻസ് നമ്പർ 42 ഓഫ് 2010)

3. 2010-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2010-ലെ 57-ാം നമ്പർ ഓർഡിനൻസ്)

## VI സമയം ദീർഘിപ്പിക്കണമെന്നുള്ള പ്രമേയം

### 2010-ലെ കേരള പോലീസ് ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് അവതരിപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നതു സംബന്ധിച്ച്

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, 2010-ലെ കേരള പോലീസ് ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് അവതരിപ്പിക്കുന്നതിനുള്ള സമയം 2010 ഡിസംബർ 21 വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly